പി.എം.ജി.എസ്.വൈ. റോഡുകളുടെ വികസനം

203 (495) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ചാലക്കുടി ബ്ലോക്കിൽ ഉൾപ്പെടുന്ന എത്ര റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിരിക്കുന്നത് ; ഈ റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേക്ക് ഈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 2008-09 വർഷം ഏഴാം ഘട്ടമായി സമർപ്പിച്ച 1,155 കി.മീ. ദൈർഘ്യം വരുന്ന 420 റോഡുകളുടെ ലിസ്റ്റിൽ നിന്നും രണ്ടാം ഘട്ടമായി 21-9-2010-ന് അനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികൾ 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) ചാലക്കുടി ബ്ലോക്കിൽപ്പെട്ട 21 പ്രവൃത്തികൾക്കാണ് പി.എം.ജി. എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിരിക്കുന്നത്. ഇതിൽ 11 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 6-ാം ഘട്ടത്തിൽ അനുമതി ലഭിച്ച ഒരു റോഡ് നിരവധി തവണ ടെണ്ടർ നടപടികൾക്കും നെഗോഷ്യേറ്റഡ് കോട്ടേഷൻ വ്യവസ്ഥയ്ക്കും വിധേയമാക്കിയിട്ടും യോഗ്യരായ കരാറുകാരെ ലഭിച്ചിട്ടില്ല. 7-ാം ഘട്ടത്തിൽ രണ്ടാം ബാച്ചായി അനുമതി ലഭിച്ച 7 റോഡുകളുടെ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികൾ 2008-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ നിരക്കുകൾ 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുക്കിയ നിരക്കിൽ കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly